# കാപ്പാട് മദ്രസ എൽ.പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# (2025-26)



മുസ്ലിം കുടുംബങ്ങൾ ധാരാളമുള്ള കാപ്പാട് ദേശത്ത് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രത്യേകിച്ച് പെൺകുട്ടികൾ അവരെ കുറച്ചെങ്കിലും മുൻനിരയിലെത്തിക്കണമെന്ന ഉദ്ദേശത്തോടെ 1933 ൽ കാപ്പാട് മദ്രസ എൽപി സ്കൂൾ സ്ഥാപിതമായി .അഞ്ചാം ക്ലാസ് വരെയാണ് അന്നുണ്ടായിരുന്നത് .1959 ശേഷം നാലാംക്ലാസ് വരെ ആയി മാറി .

ചക്കരക്കല്ല് താഴെചൊവ്വ റൂട്ടിൽ കാപ്പാട് എന്ന സ്ഥലത്ത് പണികഴിപ്പിച്ച ഈ വിദ്യാലയം ഓലമേഞ്ഞ ഒരു കെട്ടിടമായിരുന്നു .കുറച്ചു വർഷങ്ങൾക്ക് ശേഷമുണ്ടായ നാടിനെ നടുക്കിയ തീപിടുത്തത്തോടെ 1967 ൽ സ്കൂൾകെട്ടിടം ഓട് മേഞ്ഞ മേൽക്കൂരയാക്കി പുതുക്കിപ്പണിഞ്ഞു. 2017 ൽ മേൽക്കൂര കോൺക്രീറ്റ് ആക്കി മാറ്റി. തുടർന്നിങ്ങോട്ട് അനേകം വിദ്യാർഥികൾക്ക് ശിക്ഷണം നൽകിക്കൊണ്ട് ഈ വിദ്യാലയം ഇന്ന് 90 വർഷം പിന്നിടുന്നു. നമ്മുടെ വിദ്യാലയത്തിന് പുതിയൊരു കെട്ടിടം സർക്കാറിന്റെ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കാൻ

സാധിച്ചു. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് എൽ പി എസ് എ യും ഒരു അറബിക് അധ്യാപികയും 2 പ്രീ പ്രൈമറി അധ്യാപികമാരുമാണ് നമ്മുടെ വിദ്യാലയത്തിൽ ഉള്ളത് .പാഠ്യപാഠ്യേതര രംഗത്ത് നമ്മുടെ വിദ്യാലയം കാപ്പാട് ദേശത്തിന്റെ അഭിമാനമായി മാറിക്കൊണ്ടിരിക്കുന്നു.പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായ ചലഞ്ച് ഫണ്ടിൽ ഉൾപ്പെട്ട നമ്മുടെ വിദ്യാലയം മാനേജ്മെന്റ് വിഹിതവും ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടത്തിന്റ് പണി പൂർത്തീകരിച്ച് 2023 ജൂൺ 11 ഞായർ വൈകുന്നേരം 4 മണിക്ക് ബഹു. കടന്നപ്പള്ളി രാമചന്ദ്രൻ MLA യുടെ അധ്യക്ഷതയിൽ ബഹു. വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

## അവസ്ഥാ വിശകലനം

ഭൗതികം :

ശക്തമായ മാനേജ്മെന്റും അധ്യാപകരും തന്നെയാണ് നമ്മുടെ വിദ്യാലയത്തിലെ പ്രധാന നേട്ടം. അതുകൊണ്ടുതന്നെ നമ്മുടെ വിദ്യാലയം ഇന്ന് ഒരു പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുകയാണ് .ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി വർഷങ്ങളായുള്ള കാത്തിരിപ്പ് ഇവിടെ 80 ശതമാനത്തോളം സഫലമായി.നിലവിൽ താഴത്തെ നിലയിൽ ഒന്ന്, മൂന്ന്, നാല് ക്ലാസും പാചകപ്പുരയും രണ്ട് ടോയ്‌ലറ്റും, ഒന്നാം നിലയിൽ പ്രീ പ്രൈമറിയും രണ്ടാം ക്ലാസും രണ്ട് ടോയ്‌ലറ്റും പ്രവർത്തിച്ചു വരുന്നു.കൈറ്റിന്റെയും എംഎൽഎയുടെയും എം പിയുടെയും ഫണ്ടിൽ ഉൾപ്പെടുത്തി നാല് ഡസ്ക്ടോപ്പ് ,മൂന്ന് ലാപ്ടോപ്പ് ,പ്രൊജക്ടർ എന്നിവ നമ്മുടെ വിദ്യാലയത്തിന് സ്വന്തമായുണ്ട് .കമ്പ്യൂട്ടർ ലാബ് സജ്ജീകരണം.

അക്കാദമികം

2018 -19 അക്കാദമിക് വർഷം മുതൽ നമ്മുടെ വിദ്യാലയം എല്ലാവർഷവും എൽഎസ്എസ് നേട്ടം കൈവരിച്ച് വരുന്നു. അറബി കലോത്സവത്തിൽ കുറെ വർഷങ്ങളായി ഒന്ന് ,രണ്ട് , മൂന്ന് സ്ഥാനങ്ങൾ നേടി ക്കൊണ്ടിരിക്കുന്നു എന്നത് അഭിമാനാർഹമായ നേട്ടമാണ് . ജനറൽ വിഭാഗത്തിൽ മികച്ച വിജയം കൈവരിക്കാൻ സാധിക്കുന്നുണ്ട് .സബ് ജില്ലാ ശാസ്ത്ര ഗണിത ശാസ്ത്ര പ്രവർത്തി പരിചയ മേളയിൽ ഈ അടുത്ത വർഷങ്ങളിലായി കൂടുതൽ ഇനങ്ങളിൽ പങ്കെടുക്കുകയും ഉയർന്ന ഗ്രേഡുകൾ നേടാൻ സാധിക്കും ചെയ്യുന്നുണ്ട്. മികച്ച രീതിയിലുള്ള പഠനയാത്ര നടത്തി വരുന്നു .സമൂഹവും വിദ്യാലയവും ആകാംക്ഷയോടെ കാത്തിരിക്കുന്നഒന്നാണ് നമ്മുടെ വിദ്യാലയ വാർഷികം .സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് വളരെ ഗംഭീരമായി തന്നെ വാർഷികാഘോഷം നടത്തി വരുന്നു . 2018 നവംബർ 14 ന് പ്രിയങ്ക ടീച്ചറുടെ നേതൃത്വത്തിൽ ആദ്യ കുബ്ബ് യൂണിറ്റ് ആരംഭിക്കുകയുണ്ടായി.ആരംഭം മുതൽ നാളിതുവരെ മികച്ച പ്രകടനം കാഴ്ചവെക്കാൻ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിച്ചു. ജില്ലാ, സംസ്ഥാനതല ,ദേശീയതല പരീക്ഷകളിൽ വിജയിക്കുകയും ബാഡ്ജും സർട്ടിഫിക്കറ്റും കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.മികച്ച കകുബ്ബ് യൂണിറ്റിനുള്ള അംഗീകാരം ജില്ലയിൽ നിന്നും ലഭിക്കുകയുണ്ടായി. ആറുവർഷം പിന്നിടുമ്പോൾ 2024 നവംബർ 14

ന് ശോഭന ടീച്ചറുടെ നേതൃത്വത്തിൽ സ്കൂളിൽ പ്രീ പ്രൈമറി കുട്ടികൾക്കുള്ള ബണ്ണി യൂണിറ്റ് ആരംഭിക്കുകയും വളരെ നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അധ്യാപക പരിശീലനത്തിൽ പരിശീലകരായി നമ്മുടെ അധ്യാപികമാർ സേവനം അനുഷ്ഠിക്കുന്നു എന്നതും നമുക്ക് അഭിമാനകരം തന്നെ.

## എൽഎസ്എസ് നേടിയവർ

| വർഷം | വിദ്യാർഥികൾ |
|---|---|
| 2019 -20 | ഫാത്തിമ പി, ഫാത്തിമത്ത് ശിഫാന കെസി, നൂഹ ഷംഷാദ്<br>റജ ഫാത്തിമ പി, റന ഫാത്തിമ പി വി, ഷസ്ല എം കെ<br>മുഹമ്മദ് സഹൽ കെ |
| 2020- 21 | അക്ഷര കെ സി |
| 2021- 22 | ഫാത്തിമത്ത് ഷിഫ, ജിഷാന സി |
| 2023-24 | നിദ ഫാത്തിമ |
| 2024-25 | അഹമ്മദ് സയാൻ കെ.സി. |

| CLASS | YEAR | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 2021-22 | | | 2022-23 | | | 2023-24 | | | 2024-25 | | | 2025-26 | | |
| | B | G | T | B | G | T | B | G | T | B | G | T | B | G | T |
| I | 12 | 13 | 25 | 10 | 10 | 20 | 7 | 7 | 14 | 12 | 13 | 25 | 8 | 3 | 11 |
| II | 7 | 15 | 22 | 12 | 11 | 23 | 11 | 9 | 20 | 8 | 8 | 16 | 11 | 11 | 22 |
| III | 18 | 05 | 23 | 7 | 15 | 22 | 11 | 8 | 19 | 10 | 8 | 18 | 9 | 8 | 17 |
| IV | 11 | 7 | 18 | 17 | 04 | 21 | 7 | 15 | 22 | 9 | 8 | 17 | 10 | 7 | 17 |
| TOTAL | 48 | 40 | 88 | 46 | 40 | 86 | 36 | 39 | 75 | 39 | 37 | 76 | 38 | 29 | 67 |

<u>കാഴ്ചപ്പാട്</u>

➢സാമൂഹികവും ഭൗതികവുമായ സുസ്ഥിര വികസനത്തിലൂന്നിക്കൊണ്ട് എല്ലാ കുട്ടികളിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം

ഉറപ്പുവരുത്തൽ .

➢ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം

സൃഷ്ടിക്കൽ .

➢ മൂല്യങ്ങളും മനോഭാവങ്ങളും ഉൾക്കൊള്ളുന്ന ഒരു തലമുറയെ വാർത്തെടുക്കൽ.

➢ സമൂഹത്തെയും പരിസ്ഥിതിയെയും കാത്തുസൂക്ഷിക്കുന്നവരായി കുട്ടികളെ വളർത്തിയെടുക്കൽ.

➢ നേതൃത്വപാടവം, പരസ്പരബഹുമാനം ,പൊതു നന്മയ്ക്ക് വേണ്ടി ഒന്നിച്ചു പ്രവർത്തിക്കൽ, തിന്മകളോടും വിവേചനങ്ങളോടും

പ്രതികരിക്കൽ ,മതേതരത്വം എന്നിവ പരിഗണിക്കുന്നതായിരിക്കും നമ്മുടെ വിദ്യാലയ സംസ്കാരം.

*" കൂടുതൽ മികവിലേക്ക് ........... കൂടുതൽ പൂർണ്ണതയിലേക്ക്............ കൂടുതൽ നന്മയിലേക്ക്........"*

# പൊതു ലക്ഷ്യങ്ങൾ

➢ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്താൻ വിദ്യാലയത്തെ സജ്ജമാക്കുക

➢ ആധുനിക സാങ്കേതികവിദ്യയോട് കൂടിയ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക .

➢ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരങ്ങൾ ലഭ്യമാക്കുക.

➢ അവസര തുല്യത, സാമൂഹ്യനീതി ,ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുക

➢ സാമൂഹ്യ പ്രശ്നങ്ങളോട് ഇടപെട്ടുകൊണ്ട് ക്ലാസിൽ അറിവ് നിർമാണ പ്രക്രിയയിൽ ഏർപ്പെടുകയും അത് സമൂഹത്തിൽ പ്രയോഗിക്കുകയും ചെയ്യുന്ന തരത്തിൽ പ്രാപ്തരാക്കുക .

➢ നമ്മുടെ വിദ്യാലയത്തിത്തോട് ഉത്തരവാദിത്ത പൂർണമായി പ്രതികരിക്കുന്ന ഉപാധിയായി പിടിഎ യെ മാറ്റുക.

➢ പ്രീ പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുക .

➢ പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിൽ എത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്നതലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുക .

➢ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് (ഹരിത വിദ്യാലയം)രൂപപ്പെടുത്തുക .

➢ കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക, അക്കാദമിക സൗകര്യങ്ങൾ സൃഷ്ടിക്കുക

➢ കുട്ടികൾക്ക് മലയാളം ,ഇംഗ്ലീഷ് ,അറബിക് ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയുക.

➢ പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ .

➢ ക്ലാസ് മോണിറ്ററിംഗ് ശക്തമാക്കൽ .

# പ്രവർത്തനകലണ്ടർ 2025-26

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഗുണഭോക്താക്കൾ | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| സ്കൂൾ തലം | പ്രവേശനോത്സവം<br>• വരവേൽപ്പ്<br>• ഉദ്ഘാടനം<br>• കിറ്റ് വിതരണം | JUNE | ALL STUDENTS | TEACHERS | BRC TEACHERS |
| സ്കൂൾ തലം | " എന്റെ പിറന്നാൾ എന്റെ സമ്മാനം "<br>കുട്ടികളുടെ പിറന്നാൾ ദിനത്തിൽ മധുരപലഹാരങ്ങൾ ഒഴിവാക്കി സ്കൂളിലേക്ക് ലൈബ്രറി പുസ്തകം, ചെടി ,പച്ചക്കറികൾ നൽകൽ . അതാത് ക്ലാസിലെ അധ്യാപകർ നേതൃത്വം നൽകുന്നു. പിറന്നാൾ ദിനത്തിൽ കൊണ്ടുവന്ന ഐറ്റംസ് ഗ്രൂപ്പിൽ പോസ്റ്റർ ആക്കി ഇടുന്നു. മറ്റു കുട്ടികൾക്കും ഇതൊരു മാതൃകയാകുന്നു. | | | | |
| സ്കൂൾ തലം<br>ക്ലാസ് തലം | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ജൂൺ 3 മുതൽ 13 വരെ പൊതുവിഷയാവതരണം ക്ലാസിൽ ഒരു മണിക്കൂർ.<br><br>രണ്ട്, മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾക്ക് പ്രീ ടെസ്റ്റ് നടത്തി. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉള്ള പരിശീലനം.സന്നദ്ധത പ്രവർത്തനങ്ങൾ | | | | |
| ദിനാചരണം<br>ക്ലാസ് തലം | ലോക പരിസ്ഥിതി ദിനം 05/06/2023<br>പരിസ്ഥിതി ദിന സന്ദേശം<br>പോസ്റ്റർ രചന | | | | |

| | | | | | |
|---|---|---|---|---|---|
| ദിനാചരണം<br>ക്ലാസ് തലം | ബാലവേല വിരുദ്ധ ദിനം 12/06/2023<br>• വീഡിയോ പ്രദർശനം<br>• ക്ലാസിൽ<br>ബോധവൽക്കരണം | | ALL STUDENTS | TEACHERS | |
| ദിനാചരണം<br>സ്കൂൾ തലം<br>ക്ലാസ് തലം | വായന വാരാഘോഷവും പ്രവർത്തനോദ്ഘാടനവും.<br>വിദ്യാരംഗം<br>പ്രവർത്തനോദ്ഘാടനം<br>കവിപരിചയം<br>സഞ്ചരിക്കുന്ന ലൈബ്രറി<br>വായനാവാരാഘോഷത്തിന്റെ ഭാഗമായി പ്രത്യേകം തയ്യാറാക്കിയ വായനാമൂലയിലേക്ക് സ്കൂൾ ലൈബ്രറി എത്തിച്ചു കൊടുത്ത് വായനയ്ക്ക് അവസരമൊരുക്കുന്ന വിദ്യാരംഗം പരിപാടി (നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ)<br><br>വായിക്കാം;വളരാം (ബോധ വത്കരണ ക്ലാസ്സ്<br>രക്ഷിതാക്കൾക്ക് ലൈബ്രറി പുസ്തകം വിതരണം ചെയ്യൽ<br>രജിസ്റ്റർ സൂക്ഷിക്കൽ വായിക്കാം, പങ്കു വെക്കാം<br>(വായനക്കുറിപ്പ് അവതരണം ) | | | BUSHRA TC | TEACHERS |
| സ്കൂൾ തലം | പച്ചക്കറി തോട്ടം സ്കൂൾ വളപ്പിൽ കാലാവസ്ഥയ്ക്ക് അനുസൃതമായ വിളകൾ കൃഷി ചെയ്യാനുള്ള ഉള്ള ആരംഭം | | | SAFEENA PM<br>PRIYANKA P | TEACHERS |
| സ്കൂൾ തലം | സ്കൂൾ തിരഞ്ഞെടുപ്പ്<br>സ്കൂൾ ലീഡർ, ഡെപ്യൂട്ടി ലീഡർ എന്നിവരെ ജനാധിപത്യ രീതിയിലുള്ള വോട്ടിംഗ് സംവിധാനത്തിലൂടെ തെരഞ്ഞെടുക്കുന്നു. | | | PRIYANKA P<br>SHAMNA MV | TEACHERS |
| സ്കൂൾ തലം | വിവിധ തരം ക്ലബ്ബിനു തുടക്കം കുറിക്കൽ<br>ഭാഷ ക്ലബ്ബ്<br>വിദ്യാരംഗം | | | SAFEENA PM<br>BUSHRA TC<br>PRIYANKA P<br>SHAMNA MV | |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ തലം<br>ക്ലാസ് തലം | Hello World<br>Aim<br>To make the children confident in communication through English language ..<br>Encourages the children to speak English without hesitation<br>Helping our children to study simple language functions , Usages , grammar etc<br>To make children very interesting by showing pictures , videos and class room situations<br>My self , Sounds and pronunciations , daily English , my English world ( grammatical structures , functions , etc ), just a minute ( talking about something in English ), parent teacher communication to the better development of Club in<br>chargedaily English , sharing effective communicating<br>videos through whatsApp etc are the main activities we planned | JULY | | | |
| സ്കൂൾ തലം | ബാല സഭ | july to march | | | |
| | തനത്<br>പ്രവർത്തനം<br>Kids fm kmlp<br>ആഴ്ചയിൽ കുട്ടികൾ മുൻകൂട്ടി തയ്യാറാക്കിയ പരിപാടി അവതരിപ്പിക്കൽ<br>(കഥ, പാട്ട്, ചിന്താ വിഷയം etc ) JULY | | | | |
| KG | KG TALENT KIDS | | | | |

| | | | | | |
|---|---|---|---|---|---|
| | പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും കഴിവ് പ്രകടിപ്പിക്കുന്നതിനും അവസരം നൽകൽ.കുഞ്ഞു പരീക്ഷണങ്ങൾ ,കഥ ,കവിത കേൾക്കാനും ,കാണാനും ,ചെയ്യാനും അവസരം നൽകൽ(എല്ലാ വെള്ളി ആഴ്ചയിലും ബന്ധപ്പെട്ട അധ്യാപകർ ) | | | | |
| സ്കൂൾ തലം | CUBS & BUNNY പ്രവർത്തനം<br>ഈ വർഷത്തെ കുട്ടികളുടെ രെജിസ്ട്രേഷൻ,<br>പരിശീലനം എല്ലാ വ്യാഴാഴ്ചയിലും 1 മണിക്ക്<br>കുട്ടികളെ യൂണിഫോമിൽ പരിശീലനം നൽകുന്നു.<br>മാസത്തിലൊരിക്കൽ പാക്ക് മീറ്റിംഗ് നടത്തുന്നു.<br>പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.<br>മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടികളെ കബ്ബ് ഉത്സവത്തിൽ പങ്കെടുപ്പിക്കുന്നു.സംസ്ഥാനതല ചതുരൻ പരീക്ഷ ദേശീയതല ഗോൾഡൻ ആരോഅവാർഡ് എന്നിവയ്ക്ക് വേണ്ടിയിട്ടുള്ള പരിശീലനം<br>ബണ്ണികുട്ടികൾക്ക് എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് രണ്ട് മണിക്ക് പരിശീലനം നൽകുന്നു | JUNE | CUBS BUNNIES | PRIYANKA SOBHANA O | |
| സ്കൂൾ തലം | • ബഷീർചരമദിനം 05/07/2023<br>• ഉറൂബ് ചരമദിനം 10/07/2023(കവി പരിചയം,രചനകൾ പരിചയപ്പെടുത്തൽ<br>• JULY 21 ചാന്ദ്രദിനം വീഡിയോ പ്രദർശനം(ചാന്ദ്രദിന ക്വിസ്<br>• 27-പ്രകൃതി സംരക്ഷണ ദിനം (സുഹൃത്തിനോരു കറിവേപ്പ്)<br>• 6-ഹിരോഷിമാദിനം<br>• 9-നാഗസാക്കി (ഡോക്യുമെൻഡേഷൻ,യുദ്ധ വിരുദ്ധ റാലി, സഡാക്കോ പക്ഷി നിർമ്മാണം<br>• സ്വാതന്ത്ര്യ ദിനം (അസംബ്ലി, പതാക ഉയർത്തൽ<br>• 18-ചിങ്ങപ്പിറവിദിനം,കർഷകദിനം | JULY TO OCT | | | |

| | | | | | |
|---|---|---|---|---|---|
| | • Sep 16 ഓസോൺ ദിനം ബോധവൽക്കരണം, അസംബ്ലി<br>• സ്കൂൾ തലം Oct 2 ഗാന്ധി ജയന്തി ഗാന്ധി ഗാന്ധിജിയെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞു കൊടുക്കൽ,ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി വിദ്യാലയവും, പരിസരവും അധ്യാപകരുടെ നേതൃത്വത്തിൽ ശുചീകരണം | | | | |
| സ്കൂൾ തലം | • സ്കൂൾതല ശാസ്ത്രമേള,സ്കൂൾ കലോത്സവംകുട്ടികളുടെ കലാപ്രകടനം, സബ ജില്ലാ<br>മത്സരത്തിൽ പങ്കെടുക്കേണ്ട കുട്ടികളെ തിരഞ്ഞെടുക്കൽ സബ് ജില്ലാ ശാസ്ളേസ്കൂൾ അടിസ്ഥാനത്തിൽ ഗണിത, ശാസ്ത്ര, സാമൂഹ്യ പ്രവൃത്തി പരിചയമേഖലകളിലെ തിരഞ്ഞെടുത്ത ഇനങ്ങളിൽ പരിശീലനം നൽകുകയും പങ്കെടുപ്പിക്കുകയും ചെയ്യൽ<br>സ്കൂൾ തലം കായിക മേള തിരഞ്ഞെടുപ്പ്സ്കൂൾ തലത്തിൽ | SEPTEMBER | | | |
| | | | | | |
| | | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |